## 4. മത്സരികളുടെ മേലുണ്ടായ കുലുക്കം

(സംഖ്യ 16:31,32)

ചില മനുഷ്യരെ എത്ര പഠിപ്പിച്ചാലും പഠിക്കുകയില്ല എന്നത് ഏതു കാലത്തേയും മനുഷ്യസ്വഭാവമാണ്. പിറുപിറുപ്പും മനുഷ്യ സ്വഭാവത്തിന്റെ വൈകല്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നത്രെ. ദൈവ ജനമായ യിസ്രായേലിന്റെ ഒരു പ്രധാന ദൂഷ്യമായിരുന്നു ഇത് എന്ന് വചനത്തിൽ നിന്ന് വ്യക്തമാണ്. കനാൻ നാട് ഒറ്റു നോക്കിയവർ പറഞ്ഞ ദുർവർത്തമാനം (യോശുവയും , കാലേബും ഒഴികെയുള്ളവർ)യഹോവയെ വേദനിപ്പിച്ചു. അതിന്റെ ശിക്ഷയായി, ദുർവർത്തമാനം പറഞ്ഞവരും അതു കേട്ട് പിറുപിറുത്തവരും , ഒരു ബാധമൂലം മരിക്കുവാനിടയായി. (സംഖ്യ:14:36,37) ഇത് കണ്ടിട്ടും ഒരു മാറ്റവും ഉണ്ടാകാത്ത ജനം അധികം കഴിയും മുമ്പേ അടുത്ത ആരോപണം ഉന്നയിച്ചു. കണ്ടാലും കൊണ്ടാലും പഠിക്കാത്ത ജനം , ഇങ്ങനെയുള്ള ജനത്തെ തന്റെ മഹത്വവും , ഭയങ്കരത്വവും മനസ്സിലാക്കുവാനും , വീണ്ടും അവരെ പഠിപ്പിക്കുവാനുമായി ദൈവം അടുത്ത ഘട്ട മായി ഭൂമിയെ കുലുക്കി. “യഹോവ മാത്രം അന്നാളിൽ ഉന്ന തൻ” എന്ന് യെശ:(2:17) ൽ കാണുന്നു.

ഈ കുലുക്കത്തിന് കാരണക്കാരായത് കോരഹ് (ലേവി ഗോത്രം) , ദാഥാൻ (രുബേൻ ഗോത്രം), അബീരാം ഓൻ എന്നിവ രാണ്. ഇവർ തങ്ങൾ വിശുദ്ധർ എന്ന് സ്വയം പ്രഖ്യാപിച്ച് മോശ യേയും , അഹരോനെയും കുറ്റപ്പെടുത്തുന്നു. ആരും സ്വയം വിശുദ്ധർ എന്ന് പറയുകയല്ല വേണ്ടത്. അത് തെളിയിക്കേണ്ടത് യഹോവ ആണെന്ന് മോശ വ്യക്തമാക്കുന്നു. .സംഖ്യ(16:3-5) മത്സരികളുടെ വ്യാജഭാവത്തെപ്പറ്റി യഹോവ മോശയ്ക്ക് മുന്നറി യിപ്പ് നൽകുന്നു.

അടുത്തതായി മോശയെ വേദനിപ്പിച്ചത് ദാഥാൻ, അബീരാം എന്ന മത്സരികളുടെ നിന്ദയുടെയും അനുസരണക്കേ ടിന്റേയും വാക്കുകളാണ്. ഞങ്ങൾ വരികയില്ല, നീ കണ്ണ് ചൂഴ്ന്നെടുക്കുമോ എന്നും, വന്ന ദേശം അനുഗ്രഹമേറിയതും ഇപ്പോൾ ആയിരിക്കുന്നത് മരുഭൂമിയിലുമാണ്. അതിനും മോശയെ പരിഹസിച്ചു. കൂടാതെ അവർക്ക് നൽകുമെന്ന് അറി യിച്ച ദേശവും നൽകിയിട്ടില്ല എന്നത് അവരെ കോപാകുലരാക്കു വാൻ കാരണമായി.പിന്നീട് അവർക്ക് അറിയേണ്ടത് മോശയെ ആരാണ് യിസ്രായേൽ ജനത്തിന്റെ അധിപതി ആക്കിയത് എന്നാണ്.(സംഖ്യ16:13). ഈ ജനത്തെ മിസ്രേമിൽ നിന്ന് രക്ഷി ഷാൻ യഹോവ ആവശ്യപ്പെട്ടപ്പോൾ തന്നെ മോശ ഈ ചോദ്യം പ്രതീക്ഷിക്കുകയും , ദൈവത്തോട് ചോദിച്ച് ഉത്തരം അറിഞ്ഞ തുമാണ്. .പുറ:(3:13-14).

(യേശുവിനോടും ഇതേ ചോദ്യം ഉയർന്നു വന്നത് - മത്താ(21:23) യഹോവ ഇവരുടെ വാക്കുകൾ കേട്ട് കോപാകുലനായി. യഹോവയ്ക്ക് പ്രീയപ്പെട്ടവനാണ് മോശ. ആ മോശയെ വേദനിപ്പിച്ചാൽ അത് യഹോവയെ വേദനിപ്പിക്കുന്നതിനു തുല്യമാണ്.

നാവുകൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കുവാനും ഉപദ്രവിക്കുവാനും കഴിവുള്ളവനെ സാത്താൻ കണ്ടെത്തി അവന്റെ പ്രവർത്തിക്കാവശ്യമായ സകലകാര്യങ്ങളും ചെയ്ത് കൊടുക്കുന്നു. ആദ്യം ചതിയാണിതെന്ന് മത്സരികൾ മനസ്സിലാക്കുന്നില്ല, പിന്നെ മനസ്സിലാക്കുമ്പോൾ സാത്താൻ അവരുടെ കഴുത്തിൽ കുരുക്കിട്ടു കഴിയും. ഒരു നേതാവിന്റെ കുറ്റം കണ്ടെത്തി അവന്റെ സ്ഥാനം തട്ടിഎടുപ്പാൻ നാറുന്ന രാഷ്ട്രീയക്കളി ദൈവമക്കൾ ചെയ്യുവാൻ പാടില്ല. ഒരു തീരുമാനത്തിനായി യഹോവയുടെ സന്നിധിയിൽ ധൂപകലശവുമായി എത്തിയിട്ടും സമാഗമന കൂടാരവാതിൽക്കൽ നിന്നിട്ടും മത്സരികൾ മോശയ്ക്കെതിരായി സംസാരിച്ചു. മത്സരികൾ നേരിട്ട കുലുക്കം അപൂർവ്വ രീതിയിലായിരുന്നു. അത്രയ്ക്ക് അവർ യഹോവയെ കോപിപ്പിച്ചു. ഭൂമി വായ്തുറന്ന് സകലരേയും സകലതിനേയും വിഴുങ്ങി, ജീവനോടെതന്നെ. ഓടി മാറിയവരിൽ ആരും ശേഷിക്കാതെ സ്വർഗ്ഗത്തിൽ നിന്ന് തീ പുറപ്പെട്ട് അവരെ ദഹിപ്പിച്ചു. (സംഖ്യ- 16:18 -19)(26-30)

എന്നാൽ കുലുക്കം മാറ്റം വരുത്തുന്നവരുമുണ്ട്. കോരഹിന്റെ മക്കൾ ആ കൂട്ടത്തിലുള്ളവരാണ്- സംഖ്യ(26:10-11), സങ്കീ:84:3. കോരഹ് പുത്രൻമാരെപ്പോലെ ഗർവ്വും, പിറുപിറുപ്പും അഹങ്കാരവും ഉപേക്ഷിച്ച് , തിരുവാസത്തിലെത്തുക. യാഗപീഠമാകട്ടെ നമ്മുടെയും ആശ്രയം. നിഗളിച്ച് ദൈവത്തോടും ദൈവമക്കളോടും മത്സരിക്കുന്നവരേ, മറക്കരുത് ഭൂമി നിങ്ങളുടെയും കീഴെ വായ് പിളർക്കും എന്നും , യഹോവയിങ്കൽ നിന്ന് തീ പുറപ്പെട്ട് മത്സരികളെ ദഹിപ്പിക്കുന്നത് ഇന്നും സംഭവിക്കുമെന്നുള്ളത്. മത്സരമനോഭാവം നിർത്തി, രക്ഷകനിലാശ്രയിപ്പാൻ ദൈവം സഹായിക്കട്ടെ.

## 5. യെരിഹോ തകർത്ത വിശ്വാസത്തിന്റെ കുലുക്കം

### യോശുവ (6:20)

വാഗ്ദത്ത നാട്ടിലെ നന്മ അനുഭവിക്കുവാൻ എല്ലാവരും ആഗ്ര ഹിക്കുന്നു. എന്നാൽ അതിനു മുൻപ് ചില ഉത്തരവാദിത്തങ്ങൾ ചെയ്തു തീർക്കുവാനുണ്ട്. ആദ്യം അയച്ച ഗോത്രതലവൻമാരിൽ രണ്ട് പേരൊഴികെ ബാക്കി സകലരുടേയും നാവു പിഴച്ചതി നാൽ മരുഭൂമിയിൽ പട്ടുപോയി. അവരെ നയിച്ച യഹോവയുടെ ദാസനായ മോശയുടെയും മരണശേഷം അവന്റെ ശുശ്രൂഷക നായ യോശുവയെ ദൈവം ആ ദൗത്യം ഏല്പിച്ചു. കനാനിലെ ത്തേണ്ടവർ ചെയ്യേണ്ട ചില ചുമതലകൾ ജനത്തെ ഏല്പിച്ച് ഭംഗിയായി പൂർത്തീകരിക്കേണ്ട നേതൃത്വ പാടവം യോശുവയിൽ കണ്ട ദൈവം അവനെ ധൈര്യപ്പെടുത്തുന്നു. യോശുവ(1:3-6)

### ചെയ്തുതീർക്കേണ്ട ഉത്തരവാദിത്തങ്ങൾ ഏവ?

1. മോശ നിങ്ങളോട് കല്പിച്ചവ എല്ലാം അനുസരിക്കണം (യോശുവ (1:7-9)

2. ഈ ജനത്തെ യോർദ്ദാനക്കരെ കടത്തണം. നിയമപെട്ടകം നിങ്ങളെടുക്കേണം.ലേവ്യർ പെട്ടകവുമായി പുറപ്പെടുമ്പോൾ നിങ്ങൾ താമസസ്ഥലം വിട്ട് പുറപ്പെടണം. (യോശുവ (1:10,11),3

3. പരിച്ഛേദന ഏല്ക്കേണം. മിസ്രയീമിന്റെ നിന്ദ തന്റെ ജന ത്തിൽ നിന്ന് ഉരുട്ടിക്കളയുവാൻ ദൈവം നിർദ്ദേശം നൽകി യോശുവ (5:3-9)

(ഈ മൂന്നെണ്ണം പൂർത്തീകരിച്ചവരുടെ മുമ്പിൽ അടുത്ത പ്രശ്നം എത്തി യെരിഹോ കടക്കുക എന്നത്)

4. യെരിഹോ കടന്നേ മതിയാകൂ, കടക്കേണ്ടവർ ചില നിബന്ധന കൾ അനുസരിക്കണം. യോശുവ (6:1-4),(6:20-24)

[നാമും പുതിയ നിയമ ക്രിസ്ത്യാനികൾ) നിത്യത നേടുവാൻ പ്രാപ്തരാകണമെങ്കിൽ ഈ നാല് കാര്യങ്ങൾ ചെയ്തേ മതിയാകുകയുള്ളൂ.ഹൃദയപരിഛേദന ഏറ്റശേഷം റോമ:(2:28,29) അവന്റെ കല്പന അനുസരിച്ച് ജീവിക്കണം. മുൻപിൽ വരുന്ന പ്രതികൂലത്തെ ഭയപ്പെടാതെ നേരിടുക. യഹോവ നമ്മോടു കൂടെയുള്ളതിനാൽ അവൻ ഭൂമിയെ കുലുക്കും. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന കുലുക്കം നമ്മെ മുൻപോട്ടു നടത്തും]

ദൈവത്തിന്റെ 'യെരിഹോ കടക്കുക' എന്ന നിർദ്ദേശം എപ്രകാരം നടപ്പാക്കും എന്ന യോശുവയുടെ ഭയം മാറ്റാൻ ഒരാൾ വന്നു. യോശുവ(5:13,14).

യെരിഹോ മതിൽ പതിനൊന്നടി ഉയരവും , പതിനാല് അടി വീതിയുമുള്ളതാണ്. യോശുവയുടെയോ മറ്റൊരു വ്യക്തിയുടെയോ ബുദ്ധി അല്ല ഇവിടെ പ്രവർത്തിച്ചത്. യുദ്ധത്തിന്റെ സൂത്രധാരകൻ യഹോവ ആണ്.(ഞാൻ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യുമെന്ന് വചനം വ്യക്തമാക്കുന്നു.)വിശ്വാസത്തോടെ അനുസരിച്ചപ്പോൾ ആ ജനത്തിന് വിജയം നല്കി ദൈവം മാനിച്ചു. ഓരോരുത്തനും നേരേ മുമ്പോട്ട് കയറത്തക്കവണ്ണം അത്രയ്ക്ക് സൗകര്യം ഒരുക്കി വീണ മതിൽ പട്ടണത്തിന് പുറത്തേക്കും വീണില്ല എന്നതിന്റെ തെളിവാണ്, യിസ്രായേൽ ജനത്തിന് ഒരു പോറൽ പോലും സംഭവിച്ചില്ല എന്നുള്ളത്.(വലിയ കല്ലുകൾ കൊണ്ട് 14 വീതിയിൽ, 11 അടി ഉയരത്തിലുള്ള മതിലിന് എന്ത് സംഭവിച്ചു? അതേ, ദൈവത്തിന് അസാദ്ധ്യമായത് ഒന്നുമില്ല. ഭൂമി പിളർന്ന് മനുഷ്യനെ ജീവനോടു മൂടിയ ദൈവത്തിന് ഈ മതിലിനെയും വിഴുങ്ങുവാൻ ഒരു പ്രയാസവുമില്ല). ചെങ്കടലിൽ വഴി ഒരുക്കിയവൻ , യോർദ്ധാൻ കടത്തിയവൻ അത്ഭുതങ്ങളുടെ ദൈവമത്രേ.

ഈ സംഭവത്തെ അനുഭവവേദ്യമാക്കുവാൻ യിസ്രായേൽ മക്കൾ ചില കാര്യങ്ങൾ അനുസരിച്ചതുപോലെ,എബ്രായബാലൻമാർ ദൈവഹിതമല്ലാത്ത രാജഹിതത്തിന് കീഴടങ്ങിയില്ല. രാജഭോജനം കൊണ്ടും വീഞ്ഞുകൊണ്ടും തങ്ങളെ തന്നെ അശുദ്ധരാക്കാതെ അവർ സൂക്ഷിച്ചു. (ദാനി:1:8,15) അടുത്തതായി അവരുടെ ജീവനുതന്നെ ഭീഷണിയായി ഒരുക്കിയ ഒരു പ്രശ്നമതിൽ ആയിരുന്നു.എന്നിട്ടും ഭയപ്പെടാതെ തങ്ങളെ രക്ഷിക്കുന്ന ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിച്ച് രാജകല്പന തള്ളിക്കളഞ്ഞു (ദാനി:3:16-27).രാജകല്പനയെ ഭയക്കാതെ ദൈവത്തെ ഭയന്ന് വിജയം വരിച്ചവരെ രാജാവും മാനിച്ചു-ദാനി:(3:28-30)

പ്രീയ സഹോദരങ്ങളേ! ആത്മീയ ജീവിതത്തിന്റെ ഓരോ പടിയും കയറുവാൻ അനുസരണവും , വിശ്വാസവും ആവശ്യമാണ്. 'യഹോവ ആലോചനയിൽ വലിയവനും പ്രവർത്തിപ്പാൻ ശക്തനുമാണ്'.അതിനാൽ പ്രതികൂലത്തെ ഭയപ്പെടാതെ മുൻപോട്ടുപോകുവാൻ തയ്യാറാകുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# (6) വിജയം വിശ്വാസിക്ക് ,കുലുക്കം ശത്രുവിന്

## (1 ശമു.14:15)

“എനിക്ക്മുമ്പേ ഒരു ദൈവം ഉണ്ടായിട്ടില്ല എന്റെ ശേഷം ഉണ്ടാകുകയുമില്ല ഇന്നും ഞാൻ അനന്യൻ തന്നെ” എന്ന് അരുളിചെയ്ത യഹോവ തന്റെ ജനത്തെ ഏതവസ്ഥയിലും രക്ഷിപ്പാൻ ശക്തനത്രെ, പ്രത്യേകിച്ച് തന്നിൽ വിശ്വസിക്കുകയും, ആശ്രയിക്കുകയും ചെയ്യുന്നവരെ രക്ഷിപ്പാൻ അവൻ പ്രവർത്തിക്കും-------- ആർ തടുക്കും (യെശ 43:13) എന്ന് യഹോവചോദിക്കുന്നു. ആർക്കും തടുക്കുവാൻ കഴിയാത്ത ഒരു പ്രവർത്തിയാണ് ഫെലിസത്യ പാളയത്തിൽ നടന്നത്.

ഫെലസ്ത്യർ, യിസ്രായേല്യരോട് യുദ്ധത്തിന് ഒരുങ്ങുവാൻ ആരംഭിച്ചപ്പോൾ ആദ്യം ചെയ്തത് കൊല്ലന്മാരെ എല്ലാം യിസ്രായേലിൽ നിന്ന് മാറ്റി. ദേശത്തെങ്ങും ഒരു കൊല്ലനെയും കാണാനില്ലാത്തവിധം ആക്കിയത് യിസ്യായേല്യരെ നിരായുധരാക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു. (1ശമു:13:19) ഫെലസ്ത്യർ യിസ്യായേലിനോട് യുദ്ധം ചെയ്യുവാൻ മുപ്പതിനായിരം രഥവും, ആറായിരം കുതിരച്ചേവകരും, കടൽപ്പുറത്തെ മണൽ പോലെ അസംഖ്യം ജനവുമായി ഒരുമിച്ചുകൂടി (1 ശമു 13:5) ശൗലിനും, യോനാഥാനും മാത്രമേ വാളും, കുന്തവും ഉണ്ടായിരുന്നുള്ളു. ഒരായുധവും കയ്യിലില്ലാതെ യഹോവയുടെ വാക്കനുസരിച്ച് പ്രവർത്തിച്ച് യെരിഹോയുടെ തകർച്ചകണ്ടതാണ് യിസ്യായേൽ ജനം. അന്ന് അവർക്ക് ഭൗമീക രാജക്കന്മാർ ഇല്ലായിരുന്നു. ആദ്യത്തെ രാജാവായ ശൗൽ, യോഗ്യതയില്ലാത്ത സ്ഥാനം തനിക്കുതന്ന ദൈവത്തിന്റെ

വാക്ക് ലംഘിച്ച് ഭോഷത്വം പ്രവർത്തിച്ചു (1ശമു:13:9-13) യഹോവയുടെ കോപം അവന്റെ മേൽ വന്നു. തന്റെ രാജത്വം സ്ഥിരമല്ലെന്ന് അറിഞ്ഞതിനാൽ ഭയപ്പാടോടെ അവൻ സൈന്യത്തെ എണ്ണി. ഈ തെറ്റു തന്നെ (പിന്നീട് ദാവീദ് രാജാവും ചെയ്തു. (1 ശമു:24) എന്നാൽ തെറ്റിന്റെ ശിക്ഷയ്ക്കായി ദൈവകരങ്ങളിൽ വീഴുവാൻ തയാറായി) എന്നാൽ ശൗലിന്റെ മകനായ യോനാഥൻ എണ്ണിക്കൊണ്ടിരിക്കുന്ന അപ്പന്റെ വാക്കല്ല ശ്രദ്ധിച്ചത്, അല്പം കൊണ്ടും, അധികം കൊണ്ടും പ്രവർത്തിപ്പാൻ ശക്തനായ ദൈവത്തിലാശ്രയിച്ച് ശത്രുവിന്റെ നേരെ ചെല്ലുവാൻ തയ്യാറായി.

## എന്താണ് ഈ ധൈര്യത്തിന്റെ കാരണങ്ങൾ

1, അഗ്രചർമ്മികളുടെ നേരെ ചെല്ലുവാൻ പരിച്ഛേദന ഏറ്റവർ ഭയപ്പെടേണ്ട. യഹോവ പ്രവർത്തിക്കും എന്ന ധൈര്യം പരിച്ഛേദനക്കാർക്കുണ്ട് (ശമു14:6) ദാവീദും ഇതേ ധൈര്യമാണ് കാണിച്ചത് (1 ശമു 17:26) (ആത്മാവിലുള്ള ഹൃദയപരിച്ഛേദന ഏറ്റ പുതിയനിയമ ക്രിസ്ത്യാനി ശത്രുവിനെ ഭയപ്പെടേണ്ട (റോമ:2:28,29) )

2. യിസ്യായേലിന്റെ ദൈവമായ യഹോവ തന്നേമീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു, അവൻ ഫെലിസ്ത്യന്റെ ദൈവമായ ദാഗോനെക്കാൾ ശക്തൻ തന്നെ (1 ശമു:5:2-4) (ദാവീദും ഈ ധൈര്യത്തിന്റെ വാക്കുകളാണ് ഫെലിസ്ത്യമല്ലനോട് പറഞ്ഞത് —- 1 ശമു(17:45-47)

3. പിതാവ് അംഗസംഖ്യ നോക്കി, പുത്രൻ, പ്രവർത്തിക്കുന്ന യഹോവയിലാശ്രയിച്ച് ആയുധവാഹകനെ മാത്രം കൂടെ കൂട്ടി പുറപ്പെട്ടു,

‘God makes the unthinkable happen , we dont fight our battle alone’ (1ശമു 14:6)

“The test of Courage comes when We are in the minority

By Ralph .W. Soekman

4. ദൈവീകജ്ഞാനത്താൽ കാര്യങ്ങൾ തീരുമാനിച്ചു, ആയുധ വാഹകനും വ്യക്തമാക്കിക്കൊടുത്തു യോനാഥാൻ എന്ന ശൗലീന്റെ മകൻ . 1ശമു( 14:8-10)

പ്രവർത്തിപ്പാനൊരുങ്ങുന്നവനു വേണ്ടി പ്രവർത്തിക്കുന്ന ശക്തനായ ദൈവത്തെ ഇവിടെകാണാം. “കടുംന്തുക്കായ പാറവലിഞ്ഞുകയറിയ യോനാഥാൻ തന്റെ ആയുധവാഹകനോട് ; എന്റെ പിന്നാലെ കയറിവ രിക, യഹോവ അവരെ യിസ്രായേലിന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു എന്ന് പറഞ്ഞു .(1 ശമു 14:12) യോനാഥാന്റെ വാൾ ആയുധവാഹകന്റെ കയ്യിലാണ്, മുമ്പേ നടന്ന യോനാഥാന്റെ മുമ്പിൽ വീണ അഗ്രചർമ്മി കളെ ആയുധവാഹകൻ കൊന്നും കൊണ്ട് നടന്നു. സർവ്വരേയും, നടു ക്കുന്ന , വിറയ്ക്കുന്ന രീതിയിൽ ദൈവം ഭൂമി കുലുക്കി. ശത്രുവിന് ഇത് ഗംഭീരകുലുക്കവും വിശ്വാസത്തോടെ പ്രവർത്തിച്ചവർക്ക് ഗംഭീര വിജയ ത്തിന്റെ നാന്ദിയുമായിരുന്നു, ഫെലിസ്ത്യർ തോറ്റോടി. യഹോവ അന്ന് യിസ്യായേലിനെ രക്ഷിച്ചു.

ഈ കുലുക്കം നവോമിയുടെ ജീവിതത്തിലെ കുലുക്കവുമായി താരതമ്യം ചെയ്യുന്നത് നമുക്ക് പ്രയോജനപ്രദമത്രെ.

1. യഹോവയുടെ വാക്കനുസരിക്കാഞ്ഞ ശൗലിന്റെ ജീവിതത്തിൽ പരാ ജയത്തിന് തുടക്കം കുറിച്ചു.

ഇതുപൊലെ ബേത്ലഹേമിലായിരിക്കേണ്ട നവോമിയും കുടുംബവും മോവാബിലേക്ക് താമസം മാറ്റി. നമ്മുടെ ഇഷ്ടം പോലെ നമുക്ക് ജീവിപ്പാനനുവാദമില്ല Read (സങ്കി (1:1)

(മോവാബ്യർ - ലോത്തിന്റെ മൂത്ത മകളുടെ ശപിക്കപ്പെട്ട തലമുറ)

2. അനുസരണക്കേട് ശൗലിന്റെ ജീവിതത്തിലെ സന്തോഷം ഇല്ലാതാക്കി. അനുസരണം യാഗത്തേക്കാൾ നല്ലതെന്ന് വചനം പറയുന്നു.

ദൈവത്തോട് ചോദിക്കാതെ മോവാബിലേക്ക് താമസം മാറ്റിയ നവോമിക്ക് ഭർത്താവും രണ്ട് ആൺ മക്കളും നഷ്ടമായിപ്പോയി രൂത്ത് (1:1,3,5)

3. (ജീവിതത്തിലെ കുലുക്കങ്ങൾ ചിലരെ നല്ലവഴിയിലാക്കുമ്പോൾ, മറ്റു ചിലർ നാശത്തിലേക്ക് നിപതിക്കുന്നു) ശൗലിന്റെ കുടുംബം തകർന്നു ആദ്യത്തെ അഭിഷക്തനായ രാജാവ് ദൈവീകശിക്ഷ ഏറ്റുവാങ്ങി.

എന്നാൽ ജീവിതത്തലെ ആദ്യത്തെ കുലുക്കത്തിൽ നവോമിയ്ക്ക് സുബോധം വന്നിരുന്നെങ്കിൽ തന്റെ രണ്ട് ആൺ മക്കളെയും രക്ഷിക്കാമായിരുന്നു. ഭർത്താവിന്റെ ജീവനും മക്കളുടെ ജീവനും എടുക്കുന്ന കുലുക്കങ്ങൾ കഴിഞ്ഞപ്പോഴാണ് സുബോധം അവളിലുണ്ടായത് നവോമി രുത്തുമായി തിരികെ ബേത്ലഹേമിലേക്ക് പോയി രൂത്ത് (1:14:-17)

4. യോനാഥാൻ ദൈവത്തിൽ വിശ്വസിച്ച് ധൈര്യത്തോട് പ്രതികുലത്തിലേക്ക് ഇറങ്ങിത്തിരിച്ചതുപോലെ അമ്മാവിയമ്മയിൽ നിന്ന് കേട്ട യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിച്ച്, ആശ്രയിച്ച്, നിന്റെ ദൈവം എന്റെ ദൈവമെന്ന് പറഞ്ഞ് പുറപ്പെട്ടവളെ മോവാബ്യ സ്ത്രീ എങ്കിലും ദൈവം മാനിച്ചു. യേശു ക്രിസ്തുവിന്റെ വംശാവലിപ്പട്ടികയിൽ അവൾക്കും സ്ഥാനം ലഭിച്ചു . Read രൂത്ത് (4:21-22) മത്തായി (1:5)

പ്രിയരേ! കുലുക്കങ്ങൾ വിജയത്തിനാണ് ഭയപ്പെടാതെ വിശ്വസിക്കമാത്രം ചെയ്യുക പ്രവർത്തിക്കുക, വിജയം സുനിശ്ചിതം


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind